# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## സാന്നിധ്യം - കെ.വി. മോഹൻകുമാർ. ഐ.എ.എസ്

വിഷയം: പൊതു.വിദ്യാഭ്യാസം - ജീവനം – സേവനത്തിൽ നിന്നും വേലവിലക്കിയ കണ്ണൂർ മാതമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രഥമാദ്ധ്യാപകനായ ശ്രീ. എം.സി. ജയദേവനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചുക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

വായന:- 1) ഈ ആഫീസിലെ 09/09/2016 -ലെ വി6/12613/2016/ഡി.പി.ഐ നം. ഉത്തരവ്
2) ഈ ആഫീസിലെ 20/02/2016 -ലെ വി6/12613/2016/ഡി.പി.ഐ നം. ഉത്തരവ്.

**ഉത്തരവ് നമ്പർ ഡി5/3100/2016/ഡി.പി.ഐ, തീയതി 23/09/2016**

കണ്ണൂർ മാതമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രഥമാദ്ധ്യാപകനായ ശ്രീ. എം.സി. ജയദേവനെ അച്ചടക്ക നടപടിയുടെ ഭാഗമായി സേവനത്തിൽ നിന്നും വായന (2) പ്രകാരം വേലവിലക്കിയിരുന്നു. ടി വേലവിലക്ക് പിൻവലിച്ച് ശ്രീ. എം.സി. ജയദേവനെ അച്ചടക്ക നടപടി തുടർന്നുകൊണ്ടുതന്നെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുവാൻ വായന (1) പ്രകാരം ഉത്തരവായി.

മേൽ സാഹചര്യത്തിൽ ജനറൽ ഡിപ്പാർട്ട്മെന്റൽ ഹൈസ്ക്കൂളുകളിൽ നിലവിൽ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ തമിഴ് മീഡിയം സ്കൂളായ ഗവ.എച്ച്.എസ്. കൂവക്കാടിൽ ശ്രീ. എം.സി. ജയദേവനെ ഹെഡ്മാസ്റ്ററായി താൽക്കാലികമായ അറേജ്മെന്റിൽ നിയമിച്ചുക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ജനറൽ ഡിപ്പാർട്ട്മെന്റൽ ഹൈസ്ക്കൂളുകളിൽ ഒഴിവുണ്ടാകുമ്പോൾ മാറ്റി നിയമിക്കും എന്ന വ്യവസ്ഥയിലാണ് ടി നിയമനം നടത്തുന്നത്.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്/-

കെ.വി. മോഹൻകുമാർ. ഐ.എ.എസ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

4

**സ്വീകർത്താക്കൾ:-**

1. ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്. കൂവക്കാട്, ജി.എച്ച്.എസ്.മാതമംഗലം, കണ്ണൂർ
2. വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം, കണ്ണൂർ
3. ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊട്ടാരക്കര
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
5. കരുതൽ ഫയൽ